## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5303

27.07.2015-ൽ മറുപടിയ്ക്ക്

### കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസുകളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന വിശദമാക്കാമോ ; | (എ) കൊല്ലം ബൈപ്പാസ്, കാഞ്ഞിരപ്പള്ളി ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിനു നിലവിൽ തടസ്സങ്ങളൊന്നും ഇല്ല. |
| (ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (ബി) കേന്ദ്ര സംസ്ഥാന സർക്കാരു കളുടെ തുല്യ പങ്കാളിത്തത്തോടെ RDS-CVCC IV എന്ന കമ്പനി യുമായി 11.02.2015-ൽ കൊല്ലം ബൈപ്പാസ് പ്രവൃത്തിക്കുള്ള എഗ്രിമെന്റ് വെയ്ക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ബൈപ്പാസ് നിർമ്മാണത്തിനുള്ള അപ്പോയിന്റ്ഡ് ഡേറ്റ് 27.05.2015 ആണ്. 30 മാസമാണ് നിർമ്മാണ കാലാവധി. ഇതനുസരിച്ച് 26.11.2017-ൽ പ്രസ്തുത ബൈപ്പാസിന്റെ പണി പൂർത്തിയാകും. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചതിനു ശേഷമേ എസ്റ്റിമേറ്റെടുത്ത് ടെണ്ടർ നടപടികളിലേയ്ക്ക് പ്രവേശിക്കുകയുള്ളൂ. അതിന് ശേഷം മാത്രമേ പ്രവൃത്തിയുടെ കാലാവധി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ